**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6655** **11-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ യൂണിഫോം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; | (എ) | സൗജന്യ യൂണിഫോം പദ്ധതി രണ്ട് വിധത്തിലാണ് നടപ്പിലാക്കുന്നത്. സ്റ്റാന്റ് എലോൺ എൽ.പി, യു.പി സർക്കാർ സ്കൂളുകൾക്കും എൽ.പി വിഭാഗം എയ്ഡഡ് സ്കൂളുകൾക്കും, കൈത്തറി യൂണിഫോമും സർക്കാർ ഹൈസ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും യു.പി , എച്ച്.എസ് എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള മുഴുവൻ കുട്ടികൾക്കും യൂണിഫോം അലവൻസും നൽകി വരുന്നു. കൈത്തറി യൂണിഫോം നൽകുന്നതിനായി സ്കൂളുകളിൽ നിന്ന് ഇന്റന്റ് ചെയ്യുകയും ആയത് പ്രകാരം കൈത്തറി, ഓരോ കുട്ടിക്കും രണ്ട് ജോഡി യൂണിഫോമിന്റെ തുണി സ്കൂളുകളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. |
| (ബി) | യൂണിഫോമിനുള്ള കൈത്തറി തുണികൾ ഓരോ ജില്ലയിലും എത്ര മീറ്ററാണ് വേണ്ടതെന്ന വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇവയിൽ 2024 ജൂൺ 15 വരെ ഓരോ ജില്ലയിലും എത്ര മീറ്റർ വീതം വിതരണം ചെയ്തുവെന്നും ബാക്കി എത്ര മീറ്റർ നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ആയത് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ലഭിക്കുന്ന കൈത്തറി തുണികൾ തുല്യമായി ജില്ലകൾക്ക് വിതരണം ചെയ്യുന്നതിന് പകരം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണ് തുണി വിതരണം ചെയ്യുന്നത്. |
| (ഡി) | മലപ്പുറം പോലെ കൂടുതൽ വിദ്യാർത്ഥികൾ ഉള്ള ജില്ലകളിൽ യൂണിഫോം വിതരണം ചെയ്യാൻ ഇനിയും ബാക്കിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജില്ലയിൽ വിതരണം ചെയ്യാനുള്ള ബാക്കി യൂണിഫോമുകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 06.07.2024 - ലെ കണക്ക് പ്രകാരം മലപ്പുറം ജില്ലയിൽ 89% വിതരണം നടന്നിട്ടുണ്ട്. ബാക്കിയുള്ളത് അടിയന്തരമായി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## DETAILS OF HANDLOOM UNIFORM FABRIC DISTRIBUTION - DGE { AS ON 18-06-2024 }

| SL NO | NAME OF DDE | TOTAL QUANTITY OF FABRIC REQUIRED (m) | QUANTITY OF FABRIC RECEIVED (m) | QUANTITY OF FABRIC TO BE RECEIVED (m) | PERCENTAGE OF DISTRIBUTION (%) |
|---|---|---|---|---|---|
| 1 | THIRUVANANTHAPURAM | 3,57,704.10 | 341646.92 | 16,057.18 | 95.51 |
| 2 | KOLLAM | 270865.5 | 257560.58 | 13,304.92 | 95.09 |
| 3 | PATHANAMTHITTA | 84785.4 | 62146.21 | 22639.53 | 73.29 |
| 4 | ALAPPUZHA | 211006.4 | 172443.07 | 38,563.33 | 81.72 |
| 5 | KOTTAYAM | 142716.4 | 93778.68 | 48,937.72 | 63.89 |
| 6 | IDUKKI | 93293.8 | 33473.6 | 59820.2 | 35.87 |
| 7 | ERNAKULAM | 233303.2 | 211989.41 | 21,314.09 | 90.86 |
| 8 | THRISSUR | 299552.3 | 252034.55 | 47,517.75 | 84.14 |
| 9 | PALAKKAD | 342926.4 | 236068.12 | 1,06,858.28 | 68.84 |
| 10 | MALAPPURAM | 1020750 | 740485.67 | 2,80,264.32 | 72.54 |
| 11 | KOZHIKODE | 420591.9 | 315119.86 | 1,05,471.52 | 74.92 |
| 12 | WAYANADU | 97737.3 | 63035.72 | 34701.58 | 64.5 |
| 13 | KANNUR | 216910.5 | 188275.8 | 28,634.28 | 86.8 |
| 14 | KASARGOD | 182798.1 | 109333.04 | 73,465.06 | 59.81 |
|  | GRAND TOTAL | 3974941.3 | 3077391.23 | 8,97,549.76 | 77.42 |